**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2537** **02-08-2021 - ൽ മറുപടിയ്ക്ക്**

**പ്രധാന അധ്യാപകർ ഇല്ലാത്ത പ്രൈമറി സ്കൂളുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ.കെ.രമ** | | **Shri V Sivankutty**<br>**(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | പൊതുവിദ്യാഭ്യാസ വകുപ്പിനുകീഴിൽ കഴിഞ്ഞ അധ്യയന വർഷം പ്രധാനാധ്യാപകർ ഇല്ലാതെ പ്രവർത്തിച്ച പ്രൈമറി സ്കൂളുകളുടെ എണ്ണം എത്രയാണെന്ന് അറിയിക്കുമോ; | (എ) | 1075 സ്കൂളുകൾ |
| (ബി) | ഇവിടങ്ങളിൽ പ്രധാനാധ്യാപക നിയമനങ്ങൾ നടത്താത്തതിന് കാരണങ്ങളെന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (ബി) | പ്രഥമാധ്യാപകർക്ക് സ്ഥാനക്കയറ്റം നൽകി സർക്കാർ ഉത്തരവായെങ്കിലും പ്രസ്തുത ഉത്തരവ് കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ സ്റ്റേ ചെയ്തു. പ്രൈമറി പ്രഥമാധ്യാപകരുടെ സ്ഥാനക്കയറ്റ നിയമനം സംബന്ധിച്ച് ബഹു. സുപ്രീം കോടതിയിൽ ഒന്നിലധികം കേസുകളും നിലവിലുണ്ട്. കോടതി വ്യവഹാരം അവസാനിപ്പിച്ച് ടി അധ്യാപകർക്ക് സ്ഥാനക്കയറ്റം നൽകുന്നതിന് അഡ്വക്കേറ്റ് ജനറലുമായി കൂടിയാലോചിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | പ്രസ്തുത തസ്തികയുടെ യോഗ്യതകൾ എന്തെല്ലാമാണ്; ഈ യോഗ്യതകൾ ഉള്ളവരുടെ അഭാവത്തിലാണോ നിയമനങ്ങൾ മുടങ്ങിക്കിടക്കുന്നതെന്ന് വ്യക്തമാക്കുമോ; | (സി) | പ്രൈമറി അദ്ധ്യാപക തസ്തികയിൽ 12 വർഷത്തിൽ കുറയാത്ത സേവനം, KER, അക്കൗണ്ട് ടെസ്റ്റ് (ലോവർ) എന്നിവയാണ് യോഗ്യതകൾ. പ്രൈമറി ഹെഡ് മാസ്റ്റർ പ്രമോഷൻ സംബന്ധിച്ച് സ്റ്റേ ഉത്തരവ് നിലനിൽക്കുന്നതു കൊണ്ടാണ് പ്രമോഷൻ മുടങ്ങിക്കിടക്കുന്നത്. |
| (ഡി) | എങ്കിൽ അടിയന്തരമായി ഈ നിയമനങ്ങൾ നടത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വ്യക്തമാക്കുമോ? | (ഡി) | പ്രൈമറി അദ്ധ്യാപകർക്ക് ഹെഡ് മാസ്റ്റർ തസ്തികയിലേയ്ക്ക് പ്രൊമോഷൻ നൽകുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിച്ചെങ്കിലും ആയത് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ സ്റ്റേ ചെയ്തു. ആയത് നീക്കുന്നതിനുള്ള നടപടികൾ അഡ്വക്കേറ്റ്ജനറലുമായി കൂടിയാലോചിച്ച്, സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ